51478

**കേരള സർക്കാർ**

**സംഗ്രഹം**

എയ്ഡഡ് വിദ്യാലയങ്ങളിൽ 30 ദിവസത്തിൽ കൂടുതലുള്ളതും എന്നാൽ ഒരു അക്കാദമിക വർഷത്തിൽ കുറവുള്ളതുമായ താല്ക്കാലിക ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപക നിയമനം നടത്തുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുവിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ (സാധാ) നം.2079/2017/പൊവിവ** **തിരുവനന്തപുരം, തീയതി 28/06/2017**

പരാമർശം:- 1. സ.ഉ (സാധാ) നം. 1698/17/പൊവിവ തീയതി 02/06/2017.

2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 07/06/2017 ലെ എച്ച് (2)/3417/2017/ഡിപിഐ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം (1) പ്രകാരം സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിൽ വ്യവസ്ഥകൾക്ക് വിധേയമായി ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപക നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) ലെ കത്ത് പ്രകാരം എയ്ഡഡ് സ്കൂളിലെ 30 ദിവസത്തിൽ കൂടുതലുള്ളതും എന്നാൽ ഒരു അക്കാദമിക വർഷത്തിൽ കുറവുള്ളതുമായ താല്ക്കാലിക ഒഴിവുകളിൽ ദിവസ വേതനാടിസ്ഥാനത്തിൽ അദ്ധ്യാപക നിയമനത്തിന് അനുമതി നൽകണമെന്ന് ആവശ്യപ്പെട്ടിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും എയ്ഡഡ് സ്കൂളിലെ 30 ദിവസത്തിൽ കൂടുതലുള്ളതും എന്നാൽ ഒരു അക്കാദമിക വർഷത്തിൽ കുറവുള്ളതുമായ താല്ക്കാലിക ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ അദ്ധ്യാപക നിയമനം നടത്തുന്നതിനും, 28/04/2017 ലെ ജി.ഒ (പി) നം 56/2017/ധന ഉത്തരവ് പ്രകാരം നിർദ്ദേശിക്കുന്ന നിരക്കിൽ വേതനം നൽകുന്നതിനും അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനനുസരിച്ച് കെ.ഇ.ആർ- ലെ ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**മധു.കെ**

**അഡീഷണൽ സെക്രട്ടറി**

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

**പുറത്തെഴുത്ത് കത്ത് നം.എച്ച്.2/34017/2017/ഡി.പി.ഐ തീയതി : 22/07/17**

ഉത്തരവിന്റെ പകർപ്പ്, എല്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെയും അറിവിലേക്കും അനന്തര നടപടികൾക്കുമായി അയക്കുന്നു. 30 ദിവസത്തിൽ കൂടുതലുള്ളതും ഒരു അക്കാദമിക വർഷത്തിൽ കുറവുള്ളതുമായ അവധി ഒഴിവിലെ നിയമനങ്ങളുടെ(2017-18) അംഗീകാരം ഇതിനകം നിരസിക്കപ്പെട്ടിട്ടുണ്ടെങ്കിൽ ഈ ഉത്തരവിന്റെ വെളിച്ചത്തിൽ അപ്പലേറ്റ് ഉത്തരവില്ലാതെ തന്നെ അവ പുനഃപരിശോധിച്ച് തീർപ്പ് കൽപിക്കുന്നതിന് ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് അനുവാദം നൽകുന്നു.

**പൊതു വിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

**സ്വീകർത്താവ്:-** എല്ലാ ഡി.ഡി.ഇ/ ഡി.ഇ.ഒ/ എ.ഇ.ഒ മാർക്കും

**പകർപ്പ്:-** എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.ടി@സ്കൂൾ

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി )